നമ്പർ. ജി(1)34671/2016.

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി, 5.2.2018

**സർക്കുലർ നമ്പർ. 7 /2018**

വിഷയം: സഹകരണ വകുപ്പ്– സാമൂഹ്യസുരക്ഷാ പെൻഷൻ വിതരണം– മരണപ്പെട്ടവരേയും പുനർ വിവാഹം ചെയ്തവരേയും ഡേറ്റാ ബേസിൽ നിന്നും ഒഴിവാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ– സംബന്ധിച്ച്.

സൂചന: 1. സഹകരണ സംഘം രജിസ്ട്രാറുടെ 28/2016, 29/2016, 49/2016 നമ്പർ സർക്കുലറുകൾ
2. സർക്കാരിന്റെ 22.1.2018 ലെ എസ്.എഫ്.സി–ബി2/53/2017/ധന നമ്പർ സർക്കുലർ.

......

സഹകരണ ബാങ്കുകൾ/സംഘങ്ങൾ വഴി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം സൂചന(1) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. സൂചന(2) പ്രകാരം ചില മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ഗുണഭോക്താവിന് മാത്രമേ പെൻഷൻ തുക കൈമാറാൻ പാടുള്ളൂ.
2. ഗുണഭോക്താവിന്റെ കൈയ്യൊപ്പ്/വിരലടയാളം രേഖപ്പെടുത്തിവേണം പെൻഷൻ തുക കൈമാറേണ്ടത്.
3. ഗുണഭോക്താവിന്റെ വീട്ടിൽ തന്നെചെന്ന് പെൻഷൻ തുക നൽകേണ്ടതാണ്.
4. പെൻഷൻ വിതരണം നടത്തുന്ന അവസരത്തിൽ ഗുണഭേക്താവിൽ നിന്ന് യാതൊരു സാമ്പത്തിക സഹായവും ആവശ്യപ്പെടാനോ കൈപ്പറ്റാനോ പാടില്ല.
5. ഗുണഭോക്താവിനെപ്പറ്റി വ്യക്തമായി അന്വേഷിച്ചശേഷം ടിയാനെകുറിച്ച് യാതൊരു വിവരവും ലഭിക്കാത്ത സാഹചര്യത്തിൽ അതാത് മോണിറ്ററിംഗ് കമ്മിറ്റിയുടെ അനുവാദത്തോടെ മാത്രമേ പെൻഷൻ തുക തിരിച്ച് അടയ്ക്കുവാൻ പാടുള്ളൂ.
6. പെൻഷൻ വിതരണം നടത്തുന്ന അവസരത്തിൽ ഗുണഭോക്താവ് മരണപ്പെട്ടു/പുനർവിവാഹം ചെയ്തുയെന്ന് വ്യക്തമായാൽ ആ വിവരം സഹകരണ ബാങ്ക്/സംഘം സെക്രട്ടറിയെ അറിയിക്കേണ്ടതും സെക്രട്ടറി ആ വിവരം "സേവനാ" സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തേണ്ടതുമാണ്.

മേൽപ്പറഞ്ഞ പ്രകാരം ഗുണഭോക്താവിന്റെ മരണം/പുനർ വിവാഹം റിപ്പോർട്ട് ചെയ്തശേഷവും സഹകരണ ബാങ്ക്/ സംഘം സെക്രട്ടറി യഥാ സമയം സേവനാ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്താതിരിക്കുകയാണെ ങ്കിൽ അത് പ്രസ്തുത സെക്രട്ടറിയുടെ പേരിലുള്ള കുറ്റമായി കണക്കാ ക്കുന്നതാണ്.

മേൽപരാമർശിച്ച മാർഗ്ഗനിർദ്ദേശങ്ങളും സൂചന(1) ലെ മറ്റ് നിർദ്ദേശങ്ങളും സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥർ കർശന മായി പാലിച്ച് പെൻഷൻ കൃത്യമായി വിതരണം ചെയ്യേണ്ടതാണ്.

(ഒപ്പ്)
ഡോ.ഡി.സജിത്ബാബു, ഐ.എ.എസ്.
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ് -

1. സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. രജിസ്ട്രാർ, കേരള ഹൈക്കോടതി, കൊച്ചി.(ഉപരിപത്രം സഹിതം
3. സഹകരണ ആഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
4. എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)/ ജോയിന്റ് ഡയറക്ടർ(ആഡിറ്റ്) എന്നിവർക്ക്.
5. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ) അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) മാർക്കും.
6. എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും (ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേന
7. സഹകരണ സംഘം രജിസ്ട്രാർ ഓഫീസിലെ എല്ലാ ഓഫീ സർമാർക്കും സെക്ഷനുകൾക്കും
8. എഡിറ്റർ, സഹകരണ വീഥി
9. വെബ്സൈറ്റ്
10. സർക്കുലർ ബുക്ക്/സ്റ്റോക്ക് ഫയൽ.

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)